(ബി) കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്നതാണ് സമ്പൂർണ്ണ വൈദ്യുതീകരണംവഴി ലക്ഷ്യമിടുന്നത്. അനുദിനം പുതുതായി വീടുകൾ വന്നുകൊണ്ടിരിക്കുന്നതിനാൽ വൈദ്യുതീകരണ പ്രവൃത്തികൾ എപ്പോഴും തുടർന്നു കൊണ്ടിരിക്കേണ്ടതുണ്ട്. കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതമൂലം എല്ലാ സ്ഥലങ്ങളിലും വൈദ്യുത വിതരണ ശൃംഖല എത്തിക്കുന്നത് പ്രായോഗികമല്ല. അതുപോലെ വനപ്രദേശങ്ങളിൽ ലൈനുകൾ വലിക്കുന്നതിന് വനം വകുപ്പിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ട്. ഇവയെല്ലാം സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടാക്കുന്നുണ്ട്.

(സി) പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഈ സർക്കാർ വേണ്ടത്ര ജാഗ്രത പാലിക്കുന്നുണ്ട്. 2008-2009 സാമ്പത്തിക വർഷത്തിൽ തുടക്കംകുറിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും തുടർന്നുവരുന്നു. നിയോജകമണ്ഡലം തിരിച്ചുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയാണ് മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പദ്ധതികളാണ് ഇപ്പോൾ നടന്നുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 12533 സർവ്വീസ് കണക്ഷനുകൾ (31-5-2011-ലെ കണക്കുകൾ പ്രകാരം) നൽകാൻ ബാക്കിയുണ്ടായിരുന്നു. എന്നാൽ 31-10-2015-ലെ കണക്കുകൾ പ്രകാരം 1095 സർവ്വീസ് കണക്ഷനുകൾ മാത്രമേ നൽകാൻ ബാക്കിയുള്ളൂ. ഇതിൽ 667 ഗാർഹിക കണക്ഷനുകൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇവയിൽ പ്രോപ്പർട്ടി ക്രോസിംഗ് സംബന്ധിച്ച തടസ്സങ്ങൾ തുടങ്ങിയ നിയമ/സാങ്കേതിക പ്രശ്നങ്ങളില്ലാത്തവ എല്ലാം തന്നെ ഒരു മാസത്തിനുള്ളിൽ നൽകാൻ കഴിയുന്നതാണ്. പുതിയതായി വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്നവരുടെ കണക്ഷനുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നൽകുന്നതാകും.

ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ പദ്ധതി

8(*188) ശ്രീ. പാലോട് രവി :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങൾക്ക് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ-സി) ഇ-ഡിസ്ട്രിക്ട് മുഖാന്തിരം ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകി വരുന്നുണ്ട്. ഓഫീസുകളിൽ പോകാതെ സർക്കാർ സർവ്വീസുകൾ ഏറ്റവും വേഗത്തിൽ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഈ സേവനങ്ങൾ അക്ഷയകേന്ദ്രങ്ങൾ വഴിയാണ് ലഭ്യമാക്കുന്നത്. കൂടാതെ ഇ-ഡിസ്ട്രിക്ട്-പബ്ലിക് പോർട്ടൽ വഴിയും ഈ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാണ്. സംസ്ഥാനത്ത് ഇ-ഡിസ്ട്രിക്ട് പദ്ധതി വ്യാപിപ്പിക്കുന്നതിനായി സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. രണ്ടായിരത്തിലധികം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സംസ്ഥാനത്തുടനീളം വിതരണം ചെയ്തു. എല്ലാ വില്ലേജ് ഓഫീസുകൾക്കും ഇന്റർനെറ്റ് കണക്ടിവിറ്റിയും താലൂക്ക് ഓഫീസുകൾക്ക് KSWAN കണക്ടിവിറ്റിയും ലഭ്യമാക്കി. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിജിറ്റൽ സിഗ്നേച്ചർ നൽകി. ഇതിലേയ്ക്കായി പതിനൊന്ന് സർവറുകൾ പ്രവർത്തനസജ്ജമാക്കി. സർവറുകളുടെ മുടക്കമില്ലാത്ത പ്രവർത്തനത്തിനായി ഡാറ്റാബേസ്, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ എന്നിവരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല സഹായ സേവനങ്ങൾക്കായി സപ്പോർട്ട് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും അക്ഷയ സംരംഭകർക്കും നിരന്തരം പരിശീലനം നൽകിവരുന്നു. ഇ-ഡിസ്ട്രിക്ട് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള പ്രവർത്തനം വിലയിരുത്താൻ ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ ജില്ലയിലും പ്രോജക്ട് മാനേജർമാരെ നിയമിക്കുന്നതിന് വ്യവസ്ഥയുണ്ട്.

സഹകരണ മേഖലയുടെ തകർച്ച

9(*189) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ജി.സുധാകരൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങളും നിലപാടുകളും സഹകരണ മേഖലയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly